പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.344

14.07.2015 ൽ
മറുപടിയ്ക്ക്

## യുവജനക്ഷേമ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. ശ്രീ.റ്റി.വി.രാജേഷ്:
ശ്രീ. ആർ രാജേഷ്:
ശ്രീ. എം. ഹംസ:
ശ്രീ. ഡോ.കെ.ടി.ജലീൽ :

**മറുപടി**

ശ്രീമതി. പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ യുവജനക്ഷേമ ത്തിനായുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

എ) യുവജനങ്ങളുടെക്ഷേമത്തിനും വികസനത്തിനുമായി യുവജനകാര്യ വകുപ്പും വിവിധ വകുപ്പുകളും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. വകുപ്പു തലത്തിലും നിർവ്വഹണ ഏജൻസികളും ഇവയുടെ പുരോഗതി വിലയിരുത്തുകയും മോണിറ്റർ ചെയ്യുകയും ചെയ്തുവരുന്നുണ്ട്.

(ബി) യുവജനങ്ങൾ അഭിമുഖീകരി ക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെ യാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കേരളത്തിൽ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണ് എന്നത് സംബന്ധിച്ച് ഔപചാരികമായ പഠനങ്ങൾ ഒന്നുംതന്നെ വകുപ്പ് തലത്തിൽ നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാന യുവജനനയം രൂപീകരിക്കുന്നതിന്റെ ഭാഗമായി നടത്തിയ ശിൽപ്പശാലകളിൽ ഇത്തരം കാര്യങ്ങൾ ചർച്ചാവിഷയമാവുകയും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ യുവജനങ്ങളുടെ ശക്തിയും ദൗർബല്യവും വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. യുവജനനയത്തിന്റെ ഖണ്ഡിക 5.2 ൽ ഇക്കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. യുവജനനയം 2012 ഡിസംബർ മാസത്തിൽ സർക്കാർ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

സംസ്ഥാന യുവജനക്ഷേമ ബോർഡ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ബോർഡിന്റെ നേതൃത്വത്തിൽ ജില്ലാ യുവജന കേന്ദ്രങ്ങൾ വഴി യൂത്ത് ക്ലബ്ബുകൾക്ക് സ്വയം തൊഴിൽ പരിശീലനത്തിനുള്ള ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ തൊഴിൽ രഹിതർക്കായി തൊഴിൽ മേളകൾ , ജില്ലകൾ തോറും സംരംഭകത്വ പരിശീലന പരിപാടികൾ, പി.എസ്.സി / ബാങ്കിംഗ് മേഖലകളിലെ പരീക്ഷകൾക്കായി സൗജന്യ കോച്ചിംഗ് തുടങ്ങി യുവജനങ്ങളുടെ ആവശ്യങ്ങൾ മുൻ നിർത്തി വിവിധ പരിപാടികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തി വരുന്നു.

(ഡി) ഇത്തരം നടപടികൾ യുവജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പര്യാപ്തമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ഡി) യുവജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബോർഡ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്ക് പുറമെ, തൊഴിൽ വകുപ്പ്, കൃഷി വകുപ്പ്, വ്യവസായ വാണിജ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, നോർക്ക, വിവിധക്ഷേമ കോർപ്പറേഷനുകൾ, തുടങ്ങിയവയുടെ പദ്ധതികൾ ക്രോഡീകരിക്കുകയും തൊഴിൽ, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ, അടിസ്ഥാന വികസനം എന്നീ വിഷയങ്ങളിൽ യുവജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റത്തക്കവിധം വിപുലമായ പ്രചരണ കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്